കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മടിക്കൈ ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്


സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി8- 4/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി.05.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മടിക്കൈ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി

ഡയറക്ടർ

സംസ്ഥാന ഓഡിറ്റ്

വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-8-4/2017 തിയ്യതി:05.01.2017

കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 15-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 14.12.2016 മുതൽ 21.12.2016 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ലോകേഷ്ആചാരി.ബി. | ഓഡിറ്റ് ഓഫീസർ (15-12-16മുതൽ) |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർഗ്രേഡ് ഓഡിറ്റർ-(15-12-16.മുതൽ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എസ്.പ്രീത | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീ.സി.പ്രഭാകരൻ | 19.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ. എം.പി അശോക് കുമാർ | 01.04.2015മുതൽ 31.3.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി.സെക്രട്ടറി | നിർമ്മല.പി.വി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനിയർ | സാജു.ബി.എസ് | 01.04.2015മുതൽ 18.09.2015 വരെ |
| | ലീലാമ്മ.പി.ടി | 19.09.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | സലാഹുദ്ദീൻ.എ | 01.04.2015മുതൽ 14.08.2015വരെ |
| | പി.കെ.രമേഷ്. | 15.08.201 5മുതൽ 31.03.2016 വരെ |
| ഐ.സി,ഡി.എസ് .സൂപ്പർവൈസർ | വിലാസിനി | 01.04.2015മുതൽ 18.12.2015 വരെ |
| | ബേബി.പി. | 19.12.2015മുതൽ 10.01.2016 വരെ |
| | ബിജി. | 11.01.2016മുതൽ 31.03.2016വരെ |
| വി.ഇ.ഒ | ഷൈജു.കെ.വി | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ഫിലോമിന.എൻ.എസ് | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സ്മിതസെബാസ്റ്റ്യൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സ്വപ്ന.കെ.എസ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ബ്രിജേഷ് ഭാസ്കർ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.രജിതറാണി | 01.04.2015മുതൽ 30.06.2015 വരെ |
| | ഡോ.ജ്യോതി | 01.07.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | കെട്ടിടത്തിന് തറവിസ്തീർണ്ണാനുപാതത്തിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 13 | ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | കുടുംബശ്രീ കാന്റീൻ തൊഴിൽ നികുതി , ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 2-3 |
| 15 | തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിച്ചിട്ടില്ല | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക തിരികെ ഈടാക്കി | 2-5 |
| | ഭാഗം 3 | |
| 17 | ബജറ്റ് അവതരണം, അംഗീകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല | 3-1 |
| 18 | കിളച്ചെടുത്ത മണ്ണ് പ്രവൃത്തിക്ക് ഉപയോഗിച്ചതിന്റെ തുക ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല | 3-2 |
| 19 | മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല തുക തട്ടസ്സപ്പെടുത്തുന്നു. | 3-3 |
| 20 | ശാരീരിക,മാനസിക,വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നില്ല | 3-4 |
| 21 | ജവഹർഭവന പദ്ധതി കരാർ ഉടമ്പടി സംബന്ധിച്ച് | 3-5 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 23 | തൊഴിലുറപ്പ് പദ്ധതി റോഡ് സോളിങ്ങ് പ്രവൃത്തി ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല | 3-7 |
| 24 | പാലിയേറ്റീവ് പരിചരണം -അവലോകനം | 3-8 |
| | ഭാഗം 4 | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |

| | | |
|---|---|---|
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 64,87,350 |
| വരവ് | 21,23,85,500 |
| ആകെ | 21,88,72,850 |
| ചെലവ് | 21,42,57,450 |
| നീക്കിയിരിപ്പ് | 46,15,400 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16-12-2016 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല..

2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 2,30,49,250 |
| വരവ് | 4,39,16,261 |
| ആകെ | 6,69,65,511 |
| ചെലവ് | 5,16,46,539 |
| നീക്കിയിരിപ്പ് | 1,53,18,972 |

(രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കാണ് മേൽ ചേർത്തിട്ടുള്ളത്. ഇതിനു പുറമേ ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിൽ 3,69,91,574 രൂപയും വിവിധ ക്ഷേമ പെൻഷൻ ആനുകൂല്യമിനത്തിൽ 2,79,13,665 രൂപയും ബന്ധപ്പെട്ട വകുപ്പുകൾ ഗുണഭോക്താക്കൾക്ക് EFMS/DBT മുഖേന നേരിട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്.)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23,38,500 | 29,76,854 | +50,04,724 | 1,03,20,078 | 1,03,20,078 | - |
| വികസനഫണ്ട് എസ്.സി.പി. | 4,20,000 | 22,12,959 | 0 | 26,32,959 | 26,32,959 | - |
| വികസനഫണ്ട് ടി.എസ്.പി. | - | 27,000 | 0 | 27,000 | 27,000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 21,92,257 | 1,04,24,678 | - | 1,26,16,935 | 1,26,16,935 | - |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5,44,498 | 24,62,021 | - | 30,06,519 | 30,06,519 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6,11,630 | 62,57,718 | (-)20,06,665 | 48,62,683 | 48,62,683 | - |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 31,97,416 | 23,59,676 | (-) 29,98,059 | 25,59,033 | 25,59,033 | - |
| ബി ഫണ്ട് | 0 | 2,93,29,025 | 0 | 2,93,29,025 | 2,93,29,025 | - |
| MGNREGA | | 3,76,95,535 | 0 | 3,76,95,535 | 3,76,94,043 | 1,492 |

(* കുറിപ്പ്. 2015-16 സാമ്പത്തിക വർഷം മേൽ പരാമർശിച്ച ട്രഷറി അക്കൗണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ട് സമ്പ്രദായത്തിലേക്ക് മാറുകയും വാർഷിക കണക്കിൽ ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതുമാണ്. (GO(P) No.419/2015/Fin dt.19-09-2015). ഇതു പ്രകാരം ഈ സമ്പ്രദായത്തിലേയ്ക്ക് മാറിയതിനുശേഷമുള്ള പ്രസ്തുത അക്കൗണ്ടുകളിലെ ചെലവ് തുക തന്നെയാണ് വരവായും (നീക്കിയിരിപ്പില്ലാത്തതിനാൽ) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതു പ്രകാരമുള്ള ഫണ്ട് വിനിയോഗ സ്റ്റേറ്റ്മെന്റാണ് മുകളിൽ ചേർത്തിട്ടുള്ളത് .)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 123 | 107 | 4 | 16 | 99.03 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 14 | 45,57,700 | 7 | 33,68,355 | 73.9 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 64 | 3,10,11,710 | 59 | 2,05,21,893 | 66.17 |
| 3 | കൃഷി ഓഫീസർ. | 3 | 45,98,600 | 3 | 29,01,600 | 63.09 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 9 | 91,22,500 | 5 | 44,73,500 | 49.03 |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 5 | 27,29,000 | 5 | 22,74,324 | 83.33 |
| 6 | വെറ്റനറി സർജ്ജൻ | 6 | 16,04,600 | 6 | 7,96,931 | 49.66 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 3 | 8,77,000 | 3 | 7,77,000 | 88.59 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 6 | 6,75,096 | 6 | 6,74,970 | 99.98 |
| 9 | പ്രധാനാധ്യാപകൻ. | 5 | 14,20,725 | 5 | 14,00,425 | 98.57 |
| 10 | അസി.സെക്രട്ടറി | 7 | 22,82,767 | 7 | 22,62,767 | 99.12 |
| 11 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100 |
| | ആകെ | 123 | 5,89,79,698 | 107 | 3,95,51,765 | 67.05 |

## 1-7 തനത് വരുമാനം.

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.96 % ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 34,49,857 | 28,44,097 | (-) 6,05,760 | (-) 17.55 |
| നികുതിയേതര വരവുകൾ | 3,99,849 | 6,46,332 | (+) 2,46,483 | (+) 61.64 |
| മറ്റുവരവുകൾ | 1,03,931 | 1,48,209 | (+) 44,278 | (+) 42.6 |
| ആകെ | 39,53,637 | 36,38,638 | (-) 3,14,999 | (-) 7.96 |

തനത് നികുതി -നികുതിയേതര വരവുകൾ വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3,05,040 | 173 |
| കർഷക തൊഴിലാളി പെൻഷൻ | 59,34,570 | 833 |
| വിധവാ പെൻഷൻ | 1,26,41,640 | 1334 |
| വാർദ്ധക്യകാല പെൻഷൻ | 64,65,960 | 815 |
| വികലാംഗ പെൻഷൻ | 26,35,775 | 306 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,35,720 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 9,50,000 | 32 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

15-12-2016 ന് (2.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,539രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ്സിലെ മുഴുവൻ റഗുലർ ജീവനക്കാരും, സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പംതന്നെ തെരെഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏല്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവ്വഹിക്കേണ്ടതുമാണ്. ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് ഉത്തരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ജോലി വിഭജനം നടപ്പിലാക്കിയിട്ടുണ്ട്.

2.മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ(fly leaf)സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിയ്ക്കേണ്ടതുമാണ്.ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running note file) സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ തുടർ കുറിപ്പ് ഫയൽ സൂക്ഷിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കുകയോ ചെയ്യുന്നില്ല. പേഴ്സണൽ രജിസ്റ്ററിൽ ഫയലിൻമേൽ എടുത്ത തുടർ നടപടികൾ രേഖപ്പെടുത്തുന്നില്ല.

3) പ്രതിമാസം ജീവനക്കാരുടെ യോഗം നടക്കാറില്ല.

4) 3-07-2009ലെ 74217/ആർ.സി.3/08/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിയ്ക്കണമെന്നും സ്ഥലംമാറ്റം സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തണമെന്നും സ്ഥലം മാറുന്ന ഉദ്യോഗസ്ഥൻ നിർവഹണം നടത്തുന്ന പ്രവർത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും ഫയലുകൾ,രജിസ്റ്ററുകൾ തുടങ്ങിയവ രേഖാ മൂലം കൈമാറണം എന്നും നിർദ്ദേശിച്ചിരുന്നു.എന്നാൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഇൻകുംബൻസി രജിസ്റ്റർ അപൂർണ്ണമാണ്.പല ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സ്ഥിരം മേൽവിലാസം,ഓഡിറ്റ് സമയത്ത് ജോലി ചെയ്യുന്ന ഓഫീസ് മേൽവിലാസം എന്നിവ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5)പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തത ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.2016 to 02.11.2016 | 2016സെപ്റ്റംബർ & ഒക്ടോബർ | 02-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടത്തിന് തറവിസ്തീർണ്ണത്തിനനുസരിച്ച് വസ്തു നികുതി നിശ്ചയിച്ചിട്ടില്ല.

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ (അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ-2-512/11 തീയ്യതി 12.12.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 40 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു.

1)ഉടമസ്ഥന്റെ പേര് -- ഉമവരൻ, S/o കൊമൻ.

കെട്ടിട നമ്പർ -- Ward No XIII, 61A1 മുതൽ 61A6,

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| FLOOR | EXISTING | PROPOSED |
|---|---|---|
| BF | 145.70 sqm | 16.95 sqm |
| GF | 160.13 sqm | 16.95 sqm |
| FF | 15.19 sqm | 125.84 sqm |
| STAIR | --- | 15.19 sqm |
| TOTAL | 321.02 sqm | 174.93 sqm |

Completion dt-02.05.2015

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| BF- 16.95 sqm | - | - | - | - | 16.95X60= 1,017 | 20%=203 | - | 1220+LC | 1,220+LC |
| GF- 16.95 sqm | - | - | - | - | 16.95X60= 1,017 | 20%= 203 | - | 1220+LC | 1,220+LC |
| FF- 141.03 sqm | 40 X 141.03= 5641 | 20%= 1128 | - | 6769+LC | 60X 141.03= 8,462 | 20%= 1692 | - | 10154+ LC, ഒന്നാം നിലയ്ക്ക് 5% ഇളവ് ,@ 9,646+LC | 2,877+LC |

| | |
|---|---|
| ആകെ | 5317+ 266 = 5,583 |

ഈ കെട്ടിടത്തിന്റെ തറനിലയ്ക്ക് മുൻ വർഷങ്ങളിൽ തന്നെ വസ്തു നികുതി നിർണ്ണയം നടത്തിയതാണ്. ഒന്നാം നിലയ്ക്കാണ് ഇപ്പോൾ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. BF,GF ഭാഗത്ത് കൂട്ടിചേർക്കലിന് ഇപ്പോൾ വസ്തു നിർണ്ണയം നടത്തിയിട്ടില്ല.കൂടാതെ EXISTING കെട്ടിടത്തിന് Plinth വിസ്തീർണ്ണത്തിനു തുല്ല്യമായി പുതുക്കിയ നിരക്കിൽ വസ്തു നികുതി കണക്കാക്കിയിട്ടുമില്ല. വസ്തു നികുതിയിനത്തിൽ കുറവു വന്ന 5,583 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം 9 /20.12.2016)

2) ഉടമസ്ഥന്റെ പേര് -- പണ്ടാരത്തിൽ കുഞ്ഞിക്കണ്ണൻ,

കെട്ടിട നമ്പർ -- Ward No 10, 307/A1 മുതൽ 307/A9 വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-GF-112.5

FF-128.5

ആകെ - 241 M2,

Completion dt- 05.01.16

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F- 128.5 M2 | 60 X 128.5= 6750 | -- | 10%= 675 | 6075 | 60 X 112.5= 6,750 | 20%= 1350 | -- | 8,100+ LC | 2,025+LC |
| F.F- 128.5 M2 | 60 X 128.5= 7710 | -- | 10%= 771 | 6939 | 60 X 128.5= 7710 | 20%= 1542 | -- | 9,252- ഒന്നാം നിലയ്ക്ക് 5% ഇളവ് , @ 8,789+LC | 1,850+LC |
| ആകെ | | | | | | | | | 3,875+194=4,069 |

വസ്തു നികുതിയിനത്തിൽ കുറവു വന്ന 4,069 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം. 8 /20.12.2016).

## 2-2 ഡി. ആന്റ് ഒ. ലൈസൻസ് ഫീ - ഈടാക്കിയതിൽ കുറവ് .

2015-16സാമ്പത്തിക വർഷത്തെ ഡി. ആന്റ് ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 - ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്ന വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് | സ്ഥാപനത്തിന്റെ | ഒരു | ഈടാക്കേണ്ട | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|

| അപേക്ഷിച്ച വ്യാപാരിയുടെ പേര്, (ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ) | സ്വഭാവം & കെട്ടിട നമ്പർ | ദിവസത്തെ വിറ്റ് വരവ് (അപേക്ഷ പ്രകാരം ) | ഫീസ് | | വന്ന തുക |
|---|---|---|---|---|---|
| സജിത്ത് നാരായണൻ നന്ദനം നിട്ടൂക്കം 1/15-16 | ബാറ്ററി വിൽപ്പന നടത്തുന്നതിന് X/481-A | 12,000 | 300 | 200 Rt.No.11401104230/ 03-02-15 | 100 |
| വി.കെ.എം.കരീം മാനേജിംഗ് പാർട്ട്ണർ M/S ബെസ്റ്റോട്ട് 2/15-16 | ഇന്റർലോക്ക് നിർമ്മാണം,ചൈനാക്ലേ,സിമന്റ് ടൈൽസ് വിൽപ്പന നടത്തുന്നതിനുവേണ്ടി X/180,181,181 | 1,12,840 | 4,000 | 3000 Rt.No.11401104477/ 09-02-15 | 1,000 |
| രാജൻ.പി.വിട/o കെ.നാരായണൻ പുലിക്കോടൻ വീട് 42/2015-16 | സ്റ്റേഷനറി മൊത്തമായും ചില്ലറയായും വിൽപ്പന നടത്തുന്നതിനുവേണ്ടി X/211 | 6,000 | 200 | 100 Rt.No.11501100224/ 23-04-15 | 100 |
| ഷോപ്പ് മാനേജർ മാവേലിസ്റ്റോർ എരിക്കുളം 174/2015-16 | മാവേലിസ്റ്റോർ നടത്തുന്നതിനുവേണ്ടി VII-436 F | 40,000 | 1000 | 300 Rt.No.11501162998/ 22-02-16 | 700 |
| എൻ.ചന്ദ്രൻ s/o നാര്യമ്പാടി തുമ്പക്കുന്ന് 204/ 2015-16 | മലഞ്ചരക്ക് വ്യാപാരം നടത്തുന്നതിനുവേണ്ടി VI-218 | 10,000 | 200 | 50 Rt.No.11501104522/ 26-03-16 | 150 |
| | | | | | 2,050 |

മേൽപറഞ്ഞ കുറവായ 2,050 /-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03/2016 തീയ്യതി 17-12-2016)

## 2-3 <u>തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിച്ചിട്ടില്ല.</u>

(ഓഡിറ്റ് എൻക്വയറി നമ്പർ. 02/2016 തീയ്യതി 16-12-2016)

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെപറയുന്ന സ്ഥാപനങ്ങളിലെ, ജീവനക്കാരിൽ

നിന്നും തൊഴിൽ നികുതി പിരിച്ചെടുത്ത് അടക്കുമ്പോൾ ഓഫീസ് മേധാവി / സ്ഥാപന ഉടമ സമർപ്പിക്കുന്ന റിട്ടേൺസ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1) തഹസിൽദാർ, ഹൊസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ , മടിക്കൈ വില്ലേജ് ഓഫീസ് -ഒന്നാം അർദ്ധ വർഷത്തെ റിട്ടേൺസ്
2)വിട്ടൽ കാഷ്യൂ ഇൻഡസ്ട്രീസ്, കോട്ടപ്പാറ -രണ്ടാം അർദ്ധ വർഷത്തെ റിട്ടേൺസ്

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ റിട്ടേൺസ് ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക തിരികെ ഈടാക്കി

(ഓഡിറ്റ് എൻക്വയറി നമ്പർ 02/2016 തീയ്യതി 16-12-2016)

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും,റിട്ടേൺസും പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ 900/-രൂപയുടെ കുറവ് ഉണ്ടായതായി കാണുകയുണ്ടായി. ആയത് ഓഡിറ്റ് എൻക്വയറി നമ്പർ 02/2016 തീയ്യതി 16-12-2016 പ്രകാരം അറിയിച്ചതിന്റെ ഭാഗമായി 900/-രൂപ ( രസീതി നമ്പർ 11601103781 തീയ്യതി 17-12-2016, 11601103792 തീയ്യതി 19-12-2016, 11601103793 തീയ്യതി 19-12-2016, 11601103795 തീയ്യതി 20-12-2016,) പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015 -16 സാമ്പത്തിക വർഷത്തിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ബഡ്ജറ്റ് അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 17.03.2015 തീയ്യതിയിലെ മൂന്നാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നല്കാൻ തീരുമാനിച്ചു, എന്നാൽ ബജറ്റ് ചർച്ച ചെയ്തതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 28.03.2015 ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ 1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.03.2015തീരുമാനങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരിപ്പിച്ചതല്ലാതെ വിശദമായ ബജറ്റ് ചർച്ച നടത്തിയതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ, ചട്ടം 71(1) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടത് അക്രൂവൽ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രസ്തുത രീതി പ്രകാരമല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3. സമാഹൃത ബജറ്റ് എസ്റ്റിമേറ്റിന്റെ കൂടെ റവന്യൂ വരവ് ചെലവ്, മൂലധന വരവ് ചെലവ്, വായ്പ തിരിച്ചടവ്, വായ്പകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ, റിക്കവറികൾ, നിക്ഷേപങ്ങൾ തുടങ്ങിയവ സംബന്ധിച്ച പത്രികകൾ കൂടി ഉണ്ടായിരിക്കണം. എന്നാൽ മേൽ പത്രികകൾ ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

4. 2014-15 ലെ വാർഷിക കണക്ക് പ്രകാരം പഞ്ചായത്തിൽ നീക്കിയിരിപ്പായിട്ടുണ്ടായിരുന്ന തുക 64,87,350-രൂപയാണ്. വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ച് (29.06.2016 ലെ തീരുമാന പ്രകാരം) ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ വാർഷിക കണക്കുകളിലെ വരവ് ചെലവ് ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ബജറ്റ് പ്രകാരം 2015-16 മുന്നിരിപ്പായിട്ടുള്ള തുക 64,87,350-/ രൂപയാണ്.വരവ് 21,23,85,500 രൂപയും ചെലവ് 21,42,57,450 രൂപയും ആണ്. എന്നാൽ

യഥാർത്ഥത്തിൽ ഇത് മുന്നിരിപ്പ് 2,30,49,250 രൂപയും, വരവ് 10,88,21,500രൂപയും ചെലവ് 11,65,51,778 രൂപയും ആണ്. പഞ്ചായത്തിന്റെ വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

- 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക നം -14) ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതാണ്.

## 3-2 കിളച്ചെടുത്തമണ്ണ് പ്രവൃത്തിക്ക് ഉപയോഗിച്ചതിന്റെ തുക ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

1)പ്രവൃത്തിയുടെ പേര് : ബങ്കളം പാൽ സൊസൈറ്റി കാലിച്ചാമരം റോഡ് ടാറിംങ്

പ്രോജക്ട് നമ്പർ: 123/15 അടങ്കൽ : ₹ 4,99,000/-

അളവുപുസ്തകം നമ്പർ : 52/2014-15

ഭരണാനുമതി നമ്പർ,തുക : 6/08.10.14, ₹ 4,99,000/-

സാങ്കേതികാനുമതി നമ്പർ,തുക: AEE/LSGD/TS/KHD/307/2014-15

തീയ്യതി 10- 11 -14, ₹ 4,99,000/-

കരാർ നമ്പർ ,തീയ്യതി : 36/2014-15 തീയ്യതി.06-01-15

കരാറുകാരന്റെ പേര് : കെ.പി.സുധീഷ്

പി.എ.സി തുക : ₹4,97,280/-

ആകെ പ്രവൃത്തിമൂല്യം : ₹5,08,220/- ( എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയതുക -4,99,000/-)

ബിൽ നമ്പർ - 5/26-8-2015, ₹4,97,280/-

മേൽ പ്രവൃത്തിയുടെ ഒന്നാം ഇനം പ്രകാരം കിളച്ചെടുത്ത മണ്ണ് മൂന്നാം ഇനമായ മണ്ണ് നിറക്കൽ പ്രവൃത്തിയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഇനം 3 പ്രകാരം മണ്ണ് നിറക്കലിന് ഉപയോഗിച്ച മണ്ണിന്റെ അളവ് : 608.52M3

(കുറക്കുക) ഷ്രിങ്കേജ് അലവൻസ് 5% : 30.43M3

ബാക്കി 578.09M3

എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ മണ്ണിന്റെ അളവ്- 553.74M3

എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ 553.74M3 മണ്ണിന് 10 M3 ന് 2881 രൂപ നിരക്കിൽ 1,59,532.49 രൂപ നൽകിയിട്ടുണ്ട്. ഇനം 1പ്രകാരം (10M3 ന് 1,452 രൂപ നിരക്കിൽ )കിളച്ചെടുത്ത 25.49M3 മണ്ണ് ഇനം 3 ൽ നിന്നും കുറവ് ചെയ്തിട്ടില്ല.

മണ്ണ് നിറക്കലിന്റെ നിരക്ക് -M3 ന് 2,881 രൂപ

ആയതിനാൽ 25.49M3 മണ്ണിന്റെ വില = 7,343.67

(കുറക്കുക) 25.49M3 മണ്ണിന്റെ 5% ഷ്രിങ്കേജ് അലവൻസ് = 367.18

അധികം നൽകിയ തുക = 6,976/- രൂപ

2) പ്രവൃത്തിയുടെ പേര് : ചെരണത്തല നടപ്പാത നിർമ്മാണം

പ്രോജക്റ്റ് നമ്പർ: 61/15 അടങ്കൽ : ₹ =3,00,000/-

അളവുപുസ്തകം നമ്പർ : 51/2014-15

ഭരണാനുമതി നമ്പർ,തുക : 1(2)/14/14-02-14, ₹ 3,00,000/-

സാങ്കേതികാനുമതി നമ്പർ,തുക: AEE/LSGD/TS/KHD/313/2014-15

തീയ്യതി 18- 11 -14, ₹ 3,00,000/-

കരാർ നമ്പർ ,തീയ്യതി : 31/2014-15 തീയ്യതി.04-12-14

കൺവീനറുടെ പേര് : കെ.വി.മധു

ആകെ പ്രവൃത്തിമൂല്യം : ₹2,83,697/- + 22,696 = 3,06,393 ,( സാങ്കേതികാനുമതി തുകയിൽ പരിമിതപ്പെടുത്തി)

ട്രഷറി ചെക്ക് നമ്പർ - SB/XY NO.117303/18-08-15 ₹2,77,304/-

SB/XY NO.117304/18-08-15 ₹22,696/-

മേൽ പ്രവൃത്തിയുടെ ഒന്നാം ഇനം പ്രകാരം കിളച്ചെടുത്ത മണ്ണ് നാലാം ഇനമായ മണ്ണ് നിറക്കൽ പ്രവൃത്തിയിൽ നിന്നും കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഇനം 4 പ്രകാരം മണ്ണ് നിറക്കലിന് ഉപയോഗിച്ച മണ്ണിന്റെ അളവ് : 46.94M3

എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ മണ്ണിന്റെ അളവ് 44.00M3

ഇനം 1 പ്രകാരം കിളച്ചെടുത്ത മണ്ണ് (കുറക്കുക) 20.62M3

ബാക്കി 23.38 M3

നിറക്കലിന് ഉപയോഗിച്ച 44.00M3 മണ്ണിന് 10 M3 ന് 2,505 രൂപ നിരക്കിൽ 11,022 രൂപ നൽകിയിട്ടുണ്ട്. ഇനം 1പ്രകാരം (10M3 ന് 1263 രൂപ നിരക്കിൽ ) കിളച്ചെടുത്ത 20.62M3 മണ്ണ് ഇനം 4 ൽ നിന്നും കുറവ് ചെയ്തിട്ടില്ല.

മണ്ണ് നിറക്കലിന്റെ നിരക്ക് M3 ന് 2,505 രൂപ

ആയതിനാൽ 20.62M3 മണ്ണിന്റെ വില = 5,165/-രൂപ

മേൽ തുകകൾ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല 1,46,501/- രൂപ തടസ്സപ്പെട്ടുത്തുന്നു

(ഓഡിറ്റ് എൻക്വയറി നമ്പർ 08/2015/20-12-2016)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി.മടിക്കൈ |
| പ്രോജക്റ്റ് നമ്പർ | SO.80/16 |
| പ്രോജക്റ്റിന്റെ പേര് - | മടിക്കൈ പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ |
| ട്രഷറി നമ്പർ ബിൽ നമ്പർ | 10 / തീയ്യതി 31-03-2016 |
| തുക | 3,00,000/-(വികസന ,പൊതു വിഭാഗം ഫണ്ട് ) |
| ഡി.ഡി.നമ്പർ | 610485 തീയ്യതി 31-03-2016 |

മേൽ പ്രോജക്റ്റ് പ്രകാരം മടിക്കൈ പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങുന്നതിനായി 31-03-2016 ലെ ട്രഷറി നമ്പർ ബിൽ നമ്പർ - 10/15-16 പ്രകാരം മുൻകൂറായി 3,00,000/-രൂപ പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (ഡി.ഡി.നമ്പർ 610485/31-03-2016 ) ഈ തുക രസീതി നമ്പർ 29232/07-04-2016 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൈപ്പറ്റിയിട്ടുണ്ട്.ഇൻവോയ്സ് നമ്പർ 583/29-04-2016 ന് - 13,761/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 1315/06-06-2016 ന് - 79,353/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 1316/06-06-2016 ന് - 6,369/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 5170/02-12-2016 ന് - 54,016/- രൂപയുടെയും ( ആകെ 1,53,499)മരുന്നുകൾ

സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ബാക്കി 1,46,501 രൂപയുടെ മരുന്നുകൾ ( 1,53,499 + 1,46,501 = 3,00,000 ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാനുണ്ട്. ഈ സാഹചര്യത്തിൽ 1,46,501 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അവശേഷിച്ച മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നില്ല

നിർവ്വഹണം-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട്- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന മടിക്കൈ ഗ്രാമപഞ്ചായത്തിലെ അംഗണവാടി മുതൽ പ്ളസ്ടു വരെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്

പ്രൊജക്ട് നം- S0.107/15 (2015-16)

തുക 2,53,400 (1,26,700 രൂപ (ബില്ല് നം-12/ തീ.29.03.2016 )+ 1,26,700 രൂപ (ചെക്ക് നം-40910/ തീ.22.03.2016)

സ. ഉ. (എം.എസ്)നം.362/2013 ത. സ്വ. ഭ. വ. തി. 16.11.2013, ഖണ്ഡിക 8 പ്രകാരം വികസന ഫണ്ടിൽ നിന്നുള്ള നിർബന്ധ വകയിരുത്തലുകളിൽ ഉൾപ്പെട്ടതാണ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള തുക. ഇതേ ഉത്തരവിലെ അനുബന്ധം 16 ഖ. 5.8 അനുസരിച്ച് ഇവർക്ക് നൽകേണ്ട സ്കോളർഷിപ്പും മറ്റു ബത്തകളും എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് 400 രൂപയും, വാർഷിക ബത്ത 500 രൂപയും നല്കിയിരിക്കണം. അതേപോലെ, പ്രൈമറി, ഹൈസ്കൂൾ കുട്ടികൾക്ക് ഇവ യഥാക്രമം 500 രൂപ, 600 രൂപ, 600 രൂപ, 800 രൂപ എന്നിങ്ങനെ ആണ്. ബിരുദ- ബിരുദാനന്തര വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇവ 800 രൂപ, 1000 രൂപ, 1000 രൂപ 1500 രൂപ എന്നിങ്ങനെയുമാണ്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും, വാർഷിക ബത്ത 3,600 രൂപയുമാണ്.

2015-16 വർഷത്തിൽ ഇവർ 45 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്. ഈ പദ്ധതിക്കായി വകയിരുത്തിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ട് വകയിരുത്തിയ സ്ഥാപനം | 2015-16 | ചെലവ് |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 1,26,700 | 1,26,700 |
| ബ്ലോക്ക് പഞ്ചായത്ത് | 63,350 | 63,350 |
| ജില്ലാ പഞ്ചായത്ത് | 63,350 | 63,350 |
| ആകെ | 2,53,400 | 2,53,400 |

സർക്കാർ ഉത്തരവു പ്രകാരം ത്രിതല പഞ്ചായത്തുകൾ ഇതിനാവശ്യമായ തുക 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന ഒരു ബിരുദ വിദ്യാർത്ഥിക്ക് ഒരു വർഷത്തിൽ 9,600 രൂപയും നല്കിയിരിക്കണം. അതേ പോലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 15,600 രൂപയും നൽകിയിരിക്കണം. ഇത്രയും രൂപ വികസന ഫണ്ടിൽ നിന്നും നിർബന്ധമായി വകയിരുത്തി നൽകണമെന്നിരിക്കെ ശരാശരി തുക മാത്രം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ഇത്തരം വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യം ഉറപ്പു വരുത്തേണ്ടതാണ്.

## 3-5 ജവഹർ ഭവന പദ്ധതി കരാർ ഉടമ്പടി - സംബന്ധിച്ച്

(നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ)

2015-16 വർഷത്തിൽ പഞ്ചായത്ത് ജവഹർ ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കൾ സഹായധനത്താൽ നിർമ്മിച്ച ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന കരാർ ഉടമ്പടി വെക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന 2 ഗുണഭോക്താക്കൾ 10 വർഷത്തേക്ക് മാത്രമാണ് കരാർ ഉടമ്പടി വച്ചിട്ടുള്ളത്. വിശദ വിവരം താഴെ നൽകുന്നു.

| ഗുണഭോക്താവിന്റെ പേര് | കരാർ ഉടമ്പടി തീയതി |
|---|---|
| കെ.ഗംഗാധരൻ | 27-4-2016 |
| ലക്ഷ്മി.ടി.വി. | 25-4-2016 |

ഇക്കാര്യം പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ ഉൾക്കൊള്ളിച്ച് പുതുക്കിയ കരാർ ഉടമ്പടി പത്രിക ലഭ്യമാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 20,40,767/- രൂപ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം/തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പ്രൊ.നം 37/16<br>IAY ഗ്രാമ പഞ്ചായത്ത് വിഹിതം | ഡി.ഡി.നം.632948 തീ. 30.12.2015 | ₹8,80,000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്<br>കാഞ്ഞങ്ങാട്. |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | പ്രൊ.നം 26/16<br>കുട്ടപ്പന്ന എസ്.ടി കോളനി- കുടിവെള്ള പദ്ധതി | ഡി.ഡി. നം. 632060 തീ. 06.11.2015 | ₹9,60,267/- | കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| 3 | അസിസ്റ്റന്റ് സെക്രട്ടറി | പ്രൊ.നം 69/16<br>IAY, വിഹിതം<br>ടി.എസ്.പി | ഡി.ഡി. നം. 634166 തീ. 25.2.2016 | 1,62,500 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്<br>കാഞ്ഞങ്ങാട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | അസിസ്റ്റന്റ് സെക്രട്ടറി | പ്രൊ.നം 117/16 IAY വിഹിതം, എസ്.എസി.പി | ഡി.ഡി. നം. 634170 തീ. 25.2.2016 | 40,000 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട്. |
| | | | ആകെ | 20,40,767/- | |

## 3-7 തൊഴിലുറപ്പ് പദ്ധതി --റോഡ് സോളിങ് പ്രവൃത്തി- ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല-

2015-16 വർഷത്തിൽ താഴെ കാണിച്ച പ്രകാരമുള്ള റോഡ് സോളിങ്ങ് പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിട്ടുണ്ട്.എന്നാൽ ഈ പ്രവൃത്തികളുടെ ചെയിനേജ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രവൃത്തികളുടെ ചെയിനേജ് വിശദാംശങ്ങൾ തൊഴിലുറപ്പ് പദ്ധതി എഞ്ചിനിയറിങ്ങ് വിഭാഗം സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.പ്രവൃത്തികളുടെ വിവരം ചുവടെ നൽകുന്നു.

| ക്ര.നം | പ്രവൃത്തിയുടെ പേര് | വാർഡ് | ടി.എസ് | അളവ് മൂല്യം | എം.ബുക്ക്. നം |
|---|---|---|---|---|---|
| 1 | ഏച്ചികാനം -ചുമലി -റോഡ് സോളിങ് | 1 | 1,42,000 | 1,29,182 | 491/15-16 |
| 2 | കുണ്ടര അങ്കൺവാടി -റോഡ് സോളിങ് | 3 | 1,50,000 | 1,35,907 | 493/15-16 |
| 3 | സി.എച്ച്. കുമാരൻ മന്ദിരം ചുള്ളിക്കൽ തറവാട് -റോഡ് സോളിങ് | 4 | 1,45,000 | 1,31,817 | 479/15-16 |
| 4 | കാഞ്ഞിരപ്പൊയിൽ മുടിക്കാനം -റോഡ് സോളിങ് | 5 | 1,52,000 | 1,38,145 | 505/15-16 |
| 5 | കോന്തോട്ട് തൈവളപ്പ് -റോഡ് സോളിങ് | 6 | 1,47,000 | 1,33,248 | 485/15-16 |
| 6 | നെല്ലിതൊട്ടിക്കര മൂലായിപ്പള്ളി -റോഡ് സോളിങ് | 7 | 1,50,000 | 1,36,508 | 477/15-16 |
| 7 | വലിയതടം കാനായി- റോഡ് സോളിങ് | 8 | 1,47,000 | 1,33,230 | 498/15-16 |
| 8 | ചെക്കാനം തീർഥങ്കര- റോഡ് സോളിങ് | 9 | 1,47,000 | 1,33,265 | 490/15-16 |
| 9 | കുട്ടപ്പന അങ്കകളരി- റോഡ് സോളിങ് | 10 | 1,45,000 | 1,10,236 | 483/15-16 |
| 10 | കരിച്ചേരി- റോഡ് സോളിങ് | 11 | 1,47,000 | 1,33,268 | 488/15-16 |
| 11 | മേക്കാട്ട് അടക്കാട്ട് -റോഡ് സോളിങ് | 12 | 1,45,000 | 1,31,826 | 475/15-16 |
| 12 | മേക്കാട്ട് കോങ്കോട് -റോഡ് സോളിങ് | 13 | 1,47,000 | 1,33,705 | 484/15-16 |

( ഓഡിറ്റ് അന്വേഷണം. നം. 11/2016)

## 3-8 പാലിയേറ്റീവ് പരിചരണം - അവലോകനം.

മടിക്കൈ ഗ്രാമ പഞ്ചായത്തിൽ 04-09-2010 ലാണ് പെയിൻ & പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചത്. 02-05-2011, 14-09-2011, 07-02-2012, 13-06-2012, 12-09-2012, 07,08-02-13, 19-02-2014, 24-04-2014, 13-06-2014, 14-08-2014, 25-09-2014, 27-11-2014, 16-02-2015, 12-03-2015, 18-05-2015, 10-08-2015, 18-11-2015, 13-01-2016, 07-04-2016, 30-09-2016 എന്നീ തീയതികളിൽ കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് പ്രചരണത്തിൽ 15-12-2016 തീയ്യതി വരെ 111 അവശരായ രോഗികൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് അതിൽ 47 പുരുഷൻമാർക്കും, 64 സ്ത്രീകൾക്കും ഹോംകെയർ സേവനം ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ ഈ പദ്ധതി പ്രകാരം പരിചരണം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ 39 രോഗികൾ മരണപ്പെട്ടിട്ടുണ്ട്.

മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനുവേണ്ടി 2010 ഒക്ടോബർ മുതൽ ഹോംകെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഹോംകെയർ ടീം ആണ് പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നത്. ദിവസം ശരാശരി 8 രോഗികൾ എന്ന കണക്കിൽ ആഴ്ചയിൽ 4 ദിവസങ്ങളിൽ ഹോംകെയർ ടീം നിലവിലുള്ള രോഗികളെ സന്ദർശിച്ചുവരുന്നുണ്ട്. തിരഞ്ഞെടുത്ത ടീം അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഹോംകെയർ സംവിധാനം നടപ്പിലാക്കുന്നതിനായി ഒരു പാലിയേറ്റീവ് നേഴ്സ്,ആശാപ്രവർത്തകർ,ജെ.പി.എച്ച്.എൻ,സന്നദ്ധ പ്രവർത്തകർ തുടങ്ങി 40 ഓളം പേർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഹോംകെയർ സംവിധാനത്തിന്റെ നടത്തിപ്പിനുവേണ്ടി 2010 മുതൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായി ഒരു പ്രോജക്ട് മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന 40 പേർക്ക് വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട് കൂടാതെ 10 ക്യാൻസർ രോഗികൾക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.ആശ്രയ കുടുംബങ്ങളിലെ രോഗികളെ പാലിയേറ്റീവ് പ്രേജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹേംകെയർ ടീമിന്റെ യാത്രാചെലവിന് തൻവർഷം 1,65,900/- രൂപ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികൾക്ക് താഴെപറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.വീൽ ചെയർ - 2,കമ്മോട്ടോ ചെയർ -4,ബഡ്സ് പാൻ -2,വാട്ടർ ബഡ്സ് -17, ഫോൾഡിംങ് വാക്കർ -2,എൽബോ ക്രച്ചർ -3,യൂറിനൽ ബാഗ് -3

തൻവർഷം പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് 2 പ്രോജക്ടുകൾക്കുവേണ്ടി 7,02,000/- രൂപ വകയിരുത്തിയതിൽ 6,02,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | SO.62/15-16 | പാലിയേറ്റീവ് കെയർ പ്രോജക്ട് | 4,02,000 | 3,02,000 |
| 2 | SO.80/15-16 | മടിക്കൈ പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ | 3,00000 | 3,00,000 |

പാലിയേറ്റീവ് പരിചരണത്തിൽ സാമൂഹിക സംഘടനകൾ മറ്റ് സർക്കാരിതര സംഘടനകൾ തുടങ്ങിയവരിൽ നിന്നും പാലിയേറ്റീവ് പരിചരണത്തിന് ധനസഹായകമോ, മരുന്നുകളോ, ഉപകരണങ്ങളോ ലഭിച്ചിട്ടില്ല, എന്നാൽ പഞ്ചായത്തിൽ സന്നദ്ധ സംഘടനയുടെ കീഴിൽ പ്രവൃത്തിക്കുന്ന പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് ഗ്രാമ പഞ്ചായത്ത് പദ്ധതി പ്രകാരം മരുന്ന് വാങ്ങി നൽകുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ കൂടുതൽ പങ്കാളിത്വം പാലിയേറ്റീവ് പരിചരണത്തിൽ ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2015-16 | 63,350 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 63,350 | - |
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 63,350 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 63,350 | - |
| കാസറഗോഡ്- ജില്ലാ പഞ്ചായത്ത് | 2015-16 | 1,50,000 | നെൽകൃഷി വികസനം | 1,50,000 | - |
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 90,000 | നെൽകൃഷി വികസനം | 90,000 | - |
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 68,000 | പച്ചക്കറി കൃഷി വികസനം | 68,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊ.നം 26/16 കുട്ടപ്പന്ന എസ്.ടി.കോളനി- കുടിവെള്ള പദ്ധതി | DD.No.632060 06-11-2015 | 9,60,267 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 9,60,267 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. (സാധ) നം. 277/10 തസ്വഭവ തി. 27-01-2010 | 1,30,01,549 | 64,99,799 | 26,00,700 | - | 38,99,099 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,39,16,261 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,16,46,539 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹11,702 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹12,141 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,46,501 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹9,652 | - | അശോക് കുമാർ എം.പി , സെക്രട്ടറി |
| 2-2 | ₹2,050 | - | അശോക് കുമാർ എം.പി , സെക്രട്ടറി |
| 3-2 | - | ₹12,141 | സാജു ബി.എസ് , അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹1,46,501 | ഡോ.ബ്രിജേഷ് ഭാസ്കർ , മെഡിക്കൽ ഓഫീസർ അലോപ്പതി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| എം.പി.അശോക് കുമാർ, സെക്രട്ടറി | സെക്രട്ടറി, മടിക്കൈ ഗ്രാമ പഞ്ചായത്ത് | ശ്രീവത്സം , ചിറ്റാരിക്കൽ, ചിറ്റാരിക്കൽ.പി.ഒ, കാസറഗോഡ് ജില്ല |
| സാജു.ബി.എസ് , അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കിളിമാനൂർ ബ്ലോക്ക് | സാജു നിവാസ് , എ.ടി.ആർ 4/33 നിയർ ടൗൺ യു.പി.എസ്, പാലസ് റോഡ് , ആറ്റിങ്ങൽ പി.ഒ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-04-12 | - |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 05-07-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011തീയ്യതി 05-7-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീയ്യതി 05-7-2011 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീയ്യതി 05-7-2011 | 7 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 3/254/2011 തീയ്യതി 05-7-2011 | 11 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീയ്യതി 05-7-2011 | 2 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/245/2012 തീയ്യതി16-04-2012 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീയ്യതി28-05-2012 | 3 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011തീയ്യതി-07-08-2012 | 7 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012.തീയ്യതി.11-09-2012 | 8 |
| 2008-09 to 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീയ്യതി.26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013തീയ്യതി. 22-02-2014 | 10 |
| 2012-13 & | എൽ.എഫ്.കെ.എസ്.ഡി 9/274/2015തീയ്യതി. 11-08-2015 | 8 |

| | | |
|---|---|---|
| 2013-14 | | |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി 8/738/2016തീയ്യതി. 19-07-2016 | 9 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

കാസറഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-8/4/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

E-mail:- doksd.ksad@kerala.gov.in

തീയതി. 05.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD8-/4/2017

Kerala State Audit Department
District Audit Office,
Kasaragod - 671123

E-mail:- doksd.ksad@kerala.gov.in

Dated:05.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Madikai Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Madikai Grama Panchayat for the year 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod